## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 157 28.10.2019-ൽ മറുപടിയ്ക്ക്**

## ഗുരുവായൂരിലെ കസ്റ്റഡി മരണം

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഗുരുവായൂരിൽ എക്സൈസ് ഉദ്യോഗസ്ഥർ തിരൂർ സ്വദേശി രഞ്ജിത്ത് കുമാർ എന്ന യുവാവിനെ കസ്റ്റഡിയിലെടുത്തിരുന്നോ; എന്നാണ് കസ്റ്റഡിയിലെടുത്തതെന്ന് വ്യക്തമാക്കാമോ; | (എ) | 01.10.2019-ൽ കസ്റ്റഡിയിലെടുത്തിരുന്നു. |
| (ബി) | പ്രസ്തുത യുവാവ് എക്സൈസ് കസ്റ്റഡിയിൽ മരണപ്പെട്ടുകയുണ്ടായോ; | (ബി) | മരണപ്പെട്ടിരുന്നു. |
| (സി) | യുവാവിന് കസ്റ്റഡിയിൽ കടുത്ത മർദ്ദനം ഏറ്റതാണ് മരണകാരണമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) | ശരീരത്തിനും തലയ്ക്കും ഏറ്റ ക്ഷതമാണ് മരണകാരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ കസ്റ്റഡിയിൽ യുവാവിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; | (ഡി) | യുവാവിനെ കസ്റ്റഡിയിലെടുക്കുകയും മരണപ്പെടുന്നതുവരെ കസ്റ്റഡിയിൽ സൂക്ഷിക്കുകയും ചെയ്ത 8 (എട്ട്) എക്സൈസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ഇ) | വ്യക്തികളെ കസ്റ്റഡിയിലെടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ രഞ്ജിത്ത് കുമാറിനെ കസ്റ്റഡിയിലെടുത്തപ്പോൾ സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | ഇക്കാര്യവും അന്വേഷണ പരിധിയിൽ പെടും. |

| | | | |
|---|---|---|---|
| (എഫ്) | ഈ സർക്കാർ നിലവിൽ വന്നശേഷം കസ്റ്റഡി മരണങ്ങൾ വർദ്ധിച്ച് വരുന്നത് കുറ്റവാളികളായ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന രാഷ്ട്രീയ സംരക്ഷണം കൊണ്ടാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ, വ്യക്തമാക്കാമോ, | (എഫ്) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ജി) | ഈ കേസ് സി.ബി.ഐ.ക്ക് വിട്ടുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ, എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ജി) | ഉണ്ട്. വിശദമായ അന്വേഷണം നടത്തേണ്ടി വരുന്ന സാഹചര്യം കണക്കിലെടുത്താണ് കേസ് അന്വേഷണം സി ബി ഐ-യെ ഏൽപ്പിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**